MAWAQ
MAniyurmuslim Welfare Association Qatar

JULY 2020

ഒരു മവാഖ് പ്രസിദ്ധീകരണം
# മവാഖ്
ത്രൈമാസ ബുള്ളറ്റിൻ

മർഹമ
MUTUAL HELPING PROGRAM
പ്രവാസം അവസാനിപ്പിക്കുമ്പോൾ
മവാഖിന്റെ സ്നേഹോപഹാരം – മർഹമ
മർഹമയിൽ പങ്കാളികളാവുക

## മവാഖ് ത്രൈമാസ ബുള്ളറ്റിൻ പുറത്തിറക്കുന്നു

**ദോഹ:** വളരെ ചാരിതാർത്ഥ്യമുണ്ട് മവാഖ് ത്രൈമാസ ബുള്ളറ്റിൻ നിങ്ങളെ മുന്നിലേക്ക് എത്തിക്കാൻ കഴിഞ്ഞതിൽ. അൽഹംദുലില്ലാഹ്. മവാഖ് എല്ലാ മൂന്ന് മാസങ്ങളിലും ഖത്തറിലും നാട്ടിലും നടത്തുന്ന പ്രവർത്തനങ്ങളെ കുറിച്ചും മറ്റ നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികളെ കുറിച്ചും അംഗങ്ങൾ ഉൾപ്പെടുന്ന പൊതുസമൂഹത്തിൽ എത്തിക്കുക എന്ന മഹനീയമായ ഉത്തരവാദിത്തമാണ് മവാഖ് ത്രൈമാസ ബുള്ളറ്റിൻ പ്രസിദ്ധീകരണത്തിലൂടെ സാധ്യമാവുന്നത്. ഏറെ പുണ്യം നിറഞ്ഞതും ഗുണകരവുമായ ഒട്ടേറെ പ്രവർത്തനങ്ങൾ മവാഖിന് ഈ കാലയളവിൽ നടത്താൻ കഴിഞ്ഞിട്ടുണ്ട്. അൽഹംദുലില്ലാഹ്... മൂന്ന് മാസത്തെ മവാഖ് വിശേഷങ്ങൾ, നടത്തിയ പരിപാടികൾ, ചിത്രങ്ങൾ സഹിതം മവാഖ് അംഗങ്ങളിലേക്ക് എത്തിക്കാനുള്ള മാധ്യമമാണ് ഈ ത്രൈമാസ ബുള്ളറ്റിൻ. ആരംഭത്തിൽ ഇത് ഡിജിറ്റൽ രൂപത്തിലാണ് വിതരണം നടത്താൻ ഉദ്ദേശിക്കുന്നത്. കൂടാതെ, പ്രവർത്തകരുടെ എഴുത്തുകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി വിപുലപ്പെടുത്താനും ഇതിന്റെ എഡിറ്റിംഗ് ടീം ഉദ്ദേശിക്കുന്നു. എല്ലാവരുടേയും സഹകരണവും ഉപദേശവും ഈ സദുദ്യമത്തിന് ഉണ്ടാകണമെന്ന് ആഗ്രഹിക്കുകയാണ്. നാഥൻ നമ്മുടെ ഉദ്ദേശങ്ങളെ പ്രതിഫലാർഹമായ കർമ്മമായി പരിവർത്തിപ്പിക്കുമാറാകട്ടെ. ആമീൻ

### മവാഖ് ഫുഡ് കിറ്റ് വിതരണം നടത്തി.

**ദോഹ:.** കോവിഡ് ജാഗ്രത മൂലം തൊഴിലിടങ്ങൾ അടഞ്ഞ് കിടക്കുകയും റമളാൻ സമാഗതമാവുകയും അനേകം സാധാരണ ക്കാർക്ക് ജോലിയില്ലാതാവുകയും ചെയ്യതിന്റെ അടിസ്ഥാന ത്തിൽ മവാഖ് മണിയൂരിലെ സഹോദര ന്മാർക്കിടയിൽ ഏറ്റവും അർഹരെ കണ്ടെത്തി ഫുഡ് കിറ്റ് വിതരണം ഏപ്രിൽ 25ന് തുടക്കം കുറിച്ചു. അൽഖോർ, ഷഹാനിയ, മസൈദ് എന്നീ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ മവാഖ് പി.ആർ ടീമിന്റെ സിഎംടി(Crisis Management Team) അംഗങ്ങൾ നേരിട്ട് തന്നെ വിതരണം നടത്തി. ടീം ക്യാപ്റ്റൻ നൌഷാദ്, ജുനൈദ്, റഷീദ്, റഫീഖ് ഇ.പി, നവാസ് വി.വി, നൌഫൽ, ഷഫീർ തുടങ്ങിയവർ നേതൃത്വം നൽകി. ഏറെ ശ്ലാഘനീയമായതും മാതൃകാപരവുമായ പ്രവർത്ത നമാണ് സിഎംടി ഈ കോവിഡ് കാലത്ത് ദോഹയിൽ നടത്തിയത്.



മാസ്ക് വിതരണം പഞ്ചായത്ത് പ്രസിഡണ്ടിന് നൽകികൊണ്ട് കെ.പി അമ്മത് നിർവ്വഹിക്കുന്നു.

### പഞ്ചായത്തിൽ മാസ്ക് വിതരണം

മണിയൂർ: കോവിഡ് കേരളത്തിലെ വിവിധ ഭാഗങ്ങളിൽ വ്യാപിക്കുന്നത് തടയാനും ജനങ്ങളിൽ ജാഗ്രതാ നിർദ്ദേശം നൽകി കൊണ്ട് അധികൃതർ നടത്തുന്ന ക്യാമ്പയിന്റെ ഭാഗമായി മവാഖും പങ്കുചേർന്നു. ഏപ്രിൽ 18ന് മണിയൂർ പഞ്ചായത്ത് പ്രസിഡണ്ട് ബഹു.ജയപ്രദക്ക് മാസ്ക് നൽകി കൊണ്ട് മവാഖ് പ്രഥമ പ്രസിഡണ്ടും മവാഖ് ഇൻഫർമേഷൻ & കരിയർ ഗൈഡൻസ് ഉപദേശകസമിതി അംഗവുമായ കെ.പി അമ്മത് ഉത്ഘാടനം നിർവ്വഹിച്ചു. തുടർന്ന് എല്ലാ മഹൽ കേന്ദ്രങ്ങളിലും മവാഖ് സെന്റർ പ്രവർത്തകർ മാസ്ക് വിതരണം നടത്തി. പൊതു സമൂഹത്തിൽ സാമൂഹിക അകലം പാലിച്ച് കൊണ്ടും മാസ്ക് ധരിച്ച് കൊണ്ടും കൈകൾ ശുദ്ധിയായി സൂക്ഷിച്ച് കൊണ്ടും ഈ മഹാ വിപത്തിനെ അതിജയിക്കാൻ എല്ലാവരും സഹകരിക്കണമെന്നും പ്രസ്തുത ക്യാമ്പയി നിൽ മവാഖ് പ്രഖ്യാപിച്ചു.



വിതരണത്തിന് തയ്യാറാക്കുന്ന മവാഖ് ഫുഡ് കിറ്റുകൾ

### മദ്രസാ മുഅല്ലിമുമാർക്ക് റമളാൻ കിറ്റ് വിതരണം നടത്തി.

മണിയൂർ:. പഞ്ചായത്തതിർത്തിയിലെ മൂന്ന് റേഞ്ചിലുമുള്ള മദ്രസാ അധ്യാപകന്മാർക്ക് പരിശുദ്ധ റമളാൻ മാസ ത്തിന്റെ മുന്നോടിയായി മവാഖ് റമളാൻ കിറ്റ് മണിയൂർ സമസ്ത മദ്രസ മാനേജ്മെന്റ് പ്രസിഡണ്ട് കാരാളത്ത് പോക്കർഹാജിക്ക് നൽകികൊണ്ട് മവാഖ് പ്രഥമ പ്രസിഡ ണ്ടും ഇൻഫർമേഷൻ & കരിയർ ഗൈഡൻസ് ഉപദേശക സമിതി അംഗവുമായ കെ.പി അമ്മദ് നിർവ്വഹിച്ചു. നമ്മുടെ മദ്രസയിൽ പിഞ്ചോമന കൾക്ക് അറിവിന്റെ ആദ്യാക്ഷരം കുറിക്കുന്ന 56 അധ്യാപക ന്മാർക്ക് ഈ പദ്ധതിയുടെ ഗുണഭോക്താ ക്കളാക്കുവാൻ കഴിഞ്ഞു. പലരും മവാഖ് ഭാരവാഹികളെ വിളിച്ച് അക മഴിഞ്ഞ് പ്രാർത്ഥിച്ചു. ഈ ദുരിത കാലത്ത് മവാഖ് ചെയ്ത ഈ സഹകരണം ഏറ്റവും വിലമതിക്കുന്ന താണെന്ന് മദ്രസ മുഅല്ലിം മണിയൂർ റേഞ്ച് പ്രസിഡണ്ട് കുഞ്ഞിക്കോയ ഫൈസി അറിയിച്ചു.

### ഡിജിറ്റൽ റമളാൻ കാർഡ്

**ദോഹ:.** എല്ലാ വർഷവും റമളാനിൽ ദിക്റുകളും ദുആകളും അടങ്ങിയ ഉപഹാരം അഭ്യുദയകാംക്ഷികളിലേക്ക് മവാഖ് എത്തിക്കാറുണ്ട്. ഈ കോവിഡ് കാലത്ത് ഡിജിറ്റൽ കാർഡിന്റെ വിപുലമായ വിതരണം 06-04-2020ന് നടത്തി.

### മവാഖ് തണൽ സമിതി രൂപീകരിച്ചു

**ദോഹ:.** കോവിഡ് ഇവിടേയും അനിശ്ചിതത്വവും ജോലി നഷ്ടവും മവാഖ് അംഗങ്ങൾക്കിടയിലും ഉണ്ടെന്നറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ മവാഖ് പ്രത്യേക സമിതിക്ക് രൂപം നൽകുകയും മഹല്ല് കമ്മിറ്റിയുടെ ശുപാർശപ്രകാരം മവാഖ് തണൽ ഉപഹാരം അംഗങ്ങൾക്കിടയിൽ വിതരണം നടത്തുകയും ചെയ്തു. ദീർഘകാലാടിസ്ഥാനത്തിലുള്ള വായ്പയായും ഒട്ടനവധി സഹോദരങ്ങൾക്ക് ഇക്കാലയളവിൽ ഈ പദ്ധതി പ്രകാരം സഹകരിച്ചു. പല സഹോദരങ്ങളും ദുരിതകാലത്തെ മവാഖ് കൃതജ്ഞതയോടെ ഓർക്കുന്നു.
**-15 ഏപ്രിൽ**

### അഹ് ലൻ റമളാൻ സംഘടിപ്പിച്ചു.

**ദോഹ:.** പരിശുദ്ധ റമളാനിന് വേണ്ടി ഒരുങ്ങുന്ന തിന്റെ ഭാഗമായി മവാഖ് ഏപ്രിൽ 17ന് അഹ് ലൻ റമളാൻ സൂം വെബിനാർ സംഘടിപ്പിച്ചു. നാട്ടിൽനിന്നും സാജു സമീർ അസ്ഹരി ഉത്ബോധന പ്രസംഗം നടത്തി. നാട്ടിലും ഇവിടേയുമുള്ള കുടുംബങ്ങളും പരിപാടിയിൽ പങ്കെടുത്തു.

### മെഡിക്കൽ ഗൈഡൻസ്

**ദോഹ:.** ഖത്തറിൽ വർദ്ധിച്ച് വരുന്ന കോവിഡ് രോഗികൾക്കിടയിൽ അടിയന്തിര ആതുര നിർദ്ദേശങ്ങൾ നൽകുവാൻ മുനീർ മന്തരത്തൂർ, കരിങ്ങാറ്റി അഹ്മദ് എന്നിവരുടെ നേതൃത്വത്തിൽ മവാഖ് ടീം സ്തുത്യർഹമായ സേവനം നടത്തി. ഒട്ടനവധി സഹോദരങ്ങൾ നന്ദിയോടെ പ്രസ്തുത സേവനത്തെ സ്മരിക്കുന്നു.

### Quarentine-മവാഖ് യൂത്ത് ടീം Quran Time ആക്കി

**ദോഹ:.** കോവിഡ് പോസിറ്റീവ് ക്രമേണ വർദ്ധിച്ച് വരികയും നിർബന്ധിത ഹോം ക്വാറന്റൈന് അധികൃതർ നിർദ്ദേശിക്കുകയും ചെയ്യുന്ന സമയത്ത് മവാഖ് ഖുർആൻ സമയബന്ധിതമായി എല്ലാവരിലേക്കും വിശുദ്ധ ഖുർആന്റെ പുണ്യ ആയത്തുകൾ ശകലങ്ങളായി എത്തിക്കുകയും ഫലപ്രദമായി പരീക്ഷ നടത്തി വിജയികളെ പ്രഖ്യാപിക്കുകയും ചെയ്തു. നാട്ടിലും മറ്റ ജിസിസികളിലുമുള്ള അനേകം പേർ കുടുംബങ്ങളായി ഈ പ്രത്യേക ഓൺലൈൻ പരിപാടിയുടെ ഗുണഭോക്താക്കളായി. രണ്ട് സമയങ്ങളിലായി നടന്ന സൂം മീറ്റിംഗിൽ സലീം ഹുദവി, ഷാർജയിൽനിന്നും അസ്ഘലി ഹുദവിയും പങ്കെടുത്തു. ഈ വർഷത്തെ പുണ്യറമളാൻ മവാഖ് ധന്യമാക്കി.

### മെഡിക്കൽ കിറ്റ് വിതരണം

**ദോഹ:.** ഖത്തറിലെ മണിയൂർ വാസി കൾക്കിടയിൽ മവാഖ് ജോ. സെക്രട്ടറി ജുനൈദിന്റെ നേതൃത്വത്തിൽ റൂം ക്വാറന്റൈനിൽ കഴിയുന്നവർക്ക് മാസ്കും, സാനിറ്റൈസറും വിതരണം ചെയ്തു. ഖത്തർ മഹൽ കമ്മിറ്റി അറിയിക്കുന്ന വർക്കാണ് പ്രസ്തുത കിറ്റുകൾ വിതരണം നടത്തിയത്.
**13, ഏപ്രിൽ**

MAWAQ
MAniyurmuslim Welfare Association Qatar
JULY
2020
ഒരു മാവാഖ് പ്രസിദ്ധീകരണം
# മവാഖ്
ത്രൈമാസ ബുള്ളറ്റിൻ
മർഹമ
MUTUAL HELPING PROGRAM
പ്രവാസം അവസാനിപ്പിക്കുമ്പോൾ
മവാഖിന്റെ സ്നേഹോപഹാരം – മർഹമ
മർഹമയിൽ പങ്കാളികളാവുക




## മവാഖ് 18 ആണ്ട് പിന്നിടുമ്പോൾ

**ദോഹ.** 2001 ഒക്ടോബർ 12ന് ഖത്തറിൽ മണിയൂരിലെ മഹല്ലംഗങ്ങളുടെ കൂട്ടായ്മ രൂപപ്പെട്ടുമ്പോൾ ഒരു മഹല്ലുകളിലും വ്യവസ്ഥാപിതമായ കമ്മിറ്റി സംവിധാനം ഉണ്ടായിരുന്നില്ല. നാട്ടിലെ മഹല്ലുകളിൽ നിന്ന് സ്പോൺസറോ മറ്റ് ആവിശ്യങ്ങൾക്കുമായി ഭാരവാഹികൾ ഖത്തറിൽ സന്ദർശനം നടത്തുമ്പോൾ ആ മഹല്ലതിർത്തിയിലെ എല്ലാവരേയും വിളിച്ചുകൂട്ടി സേവനം നിർവ്വഹിക്കുന്ന രീതിയായിരുന്നു സാധാരണയായി നടന്നുകൊണ്ടിരുന്നത്. അത്തരം അവസരങ്ങളിൽ നേതൃപരമായി പങ്ക് വഹിക്കുന്ന ഒട്ടനവധി സുമനസ്സുകൾ അന്നത്തെ ഖത്തറിലെ പരിമിതമായ സൌകര്യങ്ങളിൽ ഒതുങ്ങി കഴിയുകയായിരുന്നു. അവരെയൊക്കെ ഒരു പൊതുപ്ലാറ്റ് ഫോമിൽ എത്തിക്കുക എന്ന ശ്രമകരമായ പരിശ്രമമായിരുന്നു മണിയൂർ മഹല്ലടിസ്ഥാനത്തിൽ കൂട്ടായ്മ രൂപീകരിക്കുമ്പോൾ ശ്രദ്ധവെച്ചത്. അത് പരിപൂർണ്ണ വിജയമായിരുന്നു. ഒരാള് പോലും മാറിനിന്നില്ല,... അവർ ഏകാങ്കമായി ചെയ്തുവരുന്ന സേവനസദ്ധപ്രവർത്തനം കൂട്ടായി നടത്താമെന്ന വാഗ്ദാനവും കുറഞ്ഞ കാലം കൊണ്ട് അത് തെളിയിക്കാനും ഈ കൂട്ടായ്മക്ക് കഴിഞ്ഞപ്പോൾ അവരുടെയൊക്കെ ഖത്തറിലെ അവസാന നിമിഷം വരെ മവാഖിനോടൊപ്പം സഞ്ചരിച്ചു. നാട്ടിലെ മഹല്ലുകളെ മുന്തിയനിലയിൽ പരിഗണിച്ചും ആദരിച്ചും മവാഖ് ആശ്വാസ സാന്ത്വന പ്രവർത്തനങ്ങൾ നടത്തിവരുന്നു. തിരികെ നോക്കുമ്പോൾ ഉടയ തമ്പുരാന്റെ അനുഗ്രഹത്താൽ നിറഞ്ഞ ചാരിതാർത്ഥ്യമാണ്. ഓരോ മഹല്ലുകളിലും ശരാശരി 22% ഗുണഭോക്താക്കൾക്ക് സേവനം നടത്താൻ ഈ കൂട്ടായ്മക്ക് കഴിഞ്ഞു. പിന്നിട്ടതിനേക്കാൾ ഇനി ഏറെ മുന്നേറാനുമുണ്ട് എന്ന ബോധ്യമാണ് ചിട്ടയോടെ നയിക്കാൻ പ്രേരിപ്പിക്കുന്നത്. മഹൽശാക്തീകരണ പ്രവർത്തനം നടത്തുമ്പോൾ തന്നെ, ഉമ്മത്തിന്റെയും പൊതുസമൂഹ നന്മ ഉന്നം വെച്ച് സാധ്യമായ മേഖലയിൽ ഈ കൂട്ടായ്മക്ക് സേവനം നടത്തണം. തികഞ്ഞ ആസൂത്രണ മികവുള്ള  ഫലപ്രദമായ പ്രവർത്തനരേഖ മുന്നിൽവെച്ച് പ്രവർത്തിക്കാൻ കഴിഞ്ഞു എന്നതാണ് ഈ വാഹകസംഘത്തെ ദൌത്യനിർവ്വഹണമേഖലയിൽ വ്യതിരക്തമാക്കിയത്. നാട്ടിലും മവാഖ് കരിയർ & ഇൻഫർമേഷൻ സെന്ററിന്റെ അതിശക്തമായ നേതൃത്വത്തിൽ വിദ്യാഭ്യാസ സാമൂഹിക മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അനേകം മിടുക്കികളേയും മിടുക്കന്മാരേയും വിദഗ്ദരായ ടീമിന്റെ നിയന്ത്രണത്തിൽ പരിശീലിപ്പിച്ച് ഉദ്യോഗമണ്ഡലത്തിൽ എത്തിക്കാൻ മവാഖ് കൂട്ടായ്മക്ക് കഴിഞ്ഞിട്ടുണ്ട്. ഈ കഴിഞ്ഞ 18 വർഷത്തിനിടക്ക് നാട്ടിലേക്ക് കൂടുമാറിപ്പോയ അനേകം മവാഖിയന്മാർ ഉണ്ട്. ഇൻഷാഅള്ളാ അവരുടെ സമ്പുഷ്ടിയും ഉന്നമനവും ലക്ഷ്യമാക്കി പദ്ധതികൾക്കും പരിപാടികൾക്കും ആസൂത്രണം നടത്തേണ്ടതുണ്ട്. കൂടാതെ, മതരംഗത്ത് വിശുദ്ധ ഖുർആൻ സ്വായത്തമാക്കിയ അനേകം പേരെ വാർത്തെടുക്കാനുള്ള പ്രവർത്തന പദ്ധതികളും മവാഖ് നടത്തിവരുന്നുണ്ട്. ഈ പ്രവർത്തനങ്ങളൊക്കെ നടത്താൻ മവാഖിന് പിന്ബലം അതിലെ സന്നദ്ധരായ അംഗങ്ങളാണ്.  മവാഖിന്റെ അംഗത്വ ക്യാമ്പയിൻ നടന്നുകൊണ്ടിരിക്കുകയാണ് . എല്ലാവരും മവാഖിൽ അംഗങ്ങളായി കൊണ്ട് ഈ മഹനീയ സേവനപാതയിൽ പങ്കാളികളാവുക

MAWAQ
MAniyurmuslim Welfare Association Qatar
JULY 2020
ഒരു മവാഖ് പ്രസിദ്ധീകരണം
# മവാഖ്
ത്രൈമാസ ബുള്ളറ്റിൻ

മർഹമ
MUTUAL HELPING PROGRAM
പ്രവാസം അവസാനിപ്പിക്കുമ്പോൾ
മവാഖിന്റെ സ്നേഹോപഹാരം – മർഹമ
മർഹമയിൽ പങ്കാളികളാവുക



## ഓൺലൈൻ ഖുർആൻ സംഗമം

ദോഹ. ഖുർആൻ ക്ലാസിന്റെ ഓൺലൈൻ സംഗമം ആദ്യസെഷൻ ഏപ്രിൽ 09ന് മവാഖ് യൂത്ത് ടീം സംഘടിപ്പിച്ചു. നാട്ടിലും മറുനാട്ടിലുമായി ഒട്ടനവധി പേർക്ക് ഉപകാരപ്രദമായ വിശുദ്ധവചനങ്ങളുടെ വിശദീകരണം ഹ്രസ്വമായും ലളിതമായും സലീം ഹുദവി നിർവ്വഹിക്കുകയായിരുന്നു. പ്രസ്തുത സൂം മീറ്റിൽ വിജയികളെ പ്രഖ്യാപിക്കുകയും തുടർന്ന് ഖത്തറിലെ ദേശീയ ദിനത്തോടനുബന്ധിച്ച് നടത്തിയ ഫോട്ടോ പ്രദർശനമത്സരത്തിൽ ഖത്തർ പുരസ്കാരം ലഭിച്ച ജൈസലിനെ ആദരിക്കുകയും ചെയ്തു. വിശുദ്ധഖുർആൻ പഠിതാക്കളോട് ഷാർജയിൽനിന്നും ബഹു. അഷ്ഗർഅലി ഹുദവി സംവദിച്ചു. സുദീർഘവും അർത്ഥപൂർണ്ണവുമായ അദ്ദേഹത്തിന്റെ പ്രഭാഷണം ഖുർആന്റെ അകത്തളങ്ങളിലേക്ക് വെളിച്ചം വീശുന്നതായിരുന്നു. 09-ഏപ്രിൽ



## അഹ്‌ലൻ റമളാൻ

ഓൺലൈൻ പ്രഭാഷണം

07.30 PM, 17 ഏപ്രിൽ 2020 Friday

പ്രഭാഷണം

സാജിഹ് ഷമീർ അൽ അസ്ഹരി

(കൺവീനർ ഇബാദ് & ഹിക്മ )

MAWAQ PR wing

## ‘ഒരു മഴയും തോരാതിരിക്കില്ല’

**ദോഹ:** ഒരു മഴയും തോരാതിരിക്കില്ല എന്ന ശീർഷകത്തിൽ മവാഖ് പിആർ ടീം സംഘടിപ്പിച്ച പരിപാടി കോവിഡാനന്തര കാലത്തെ മനസാന്തരത്തെ സ്പർശിക്കുന്ന സംഗമമായിരുന്നു. പ്രശസ്ത മനശാസ്ത്ര വിദഗ്ദൻ ജോൺപനക്കൽ ബഹറൈനിൽനിന്നും പങ്കെടുത്ത പരിപാടിയിൽ നമ്മുടെ സ്വന്തം കാട്ടുകണ്ടി കുഞ്ഞബ്ദുള്ള പങ്കെടുത്തതാണ് വളരെ വിസ്മയമായത്. സ്പൈനൽകോഡ് രോഗത്താൽ അശേഷം കിടപ്പിലായ അബ്ദുള്ളക്ക, മനക്കരുത്ത് മാത്രം ജ്വലിപ്പിച്ച് നേരിയ സ്പർശനശേഷിയുള്ള അവയവങ്ങൾകൊണ്ട് അത്ഭുതം തീർത്ത അവരുടെ സാന്നിദ്ധ്യം പരിപാടിക്ക് ധന്യതയേകി. ലോക്ക്ഡൌൺ കാലത്ത് കുറച്ച് ദിനത്തിൽ അടച്ചൊതുങ്ങിയപ്പോൾ നാം വിഭ്രാന്തരായപ്പോൾ കഴിഞ്ഞ 27 വർഷമായി ശരീരത്തിലെ ബഹുഭാഗവും നിർജീവമായ അബ്ദുള്ളക്കയുടെ പ്രത്യാശയുടെ വാക്കുകൾ വല്ലാത്ത ഊർജ്ജമായിരുന്നു പ്രസരിപ്പിച്ചത്. വളരെ വൈകിയും അദ്ദേഹം നമ്മോട് സല്ലപിച്ചിരുന്നു. പങ്കെടുത്തവർക്കൊക്കെ നല്ല ഓർമ്മകൾ സമ്മാനിക്കുന്നതായിരുന്ന സരസമായ അദ്ദേഹത്തിന്റെ വാക്കുകൾ. **17-മെയ് 2020.**







## ലാപ് ടോപ്പ് നൽകി

**ദോഹ:** പാലയാട് മഹല്ലിലെ ഉപരിപഠനത്തിന് തയ്യാറായ മിടുക്കനായ കുട്ടിക്ക് ലാപ് ടോപ് നൽകി. മഹൽ ഭാരവാഹികളും മവാഖ് ഇൻഫർമേഷൻ സെന്റർ ഭാരവാഹികളും ഒത്ത് ചേർന്ന സദസ്സിൽ, കൂടുതൽ മിടുക്കോടെ പഠിച്ച് ഉയരാനുള്ള എല്ലാ ഭാവുകങ്ങളും അനുമോദനങ്ങളും നേർന്നു. **17 മെയ്,2020**

## കമ്മ്യൂണിറ്റി കിച്ചന് പിന്തുണ

**മണിയൂർ.** ലോക്ക്ഡൌൺ പ്രഖ്യാപിച്ച് പ്രതിസന്ധിയിലായ പാവ ങ്ങൾക്ക് ഗ്രാമസഭയുടെ നേതൃത്വത്തിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചനിൽ മവാഖ് ഒരു ദിവസ ത്തെ ഭക്ഷണം സ്പോൺസർ ചെയ്തു

## എഡ്യൂടോക്ക്

**മണിയൂർ:** പരീക്ഷ റിസൾട്ട് പ്രഖ്യാ പിക്കുകയും രക്ഷിതാക്കളും വിദ്യാർ ത്ഥികളും അരക്ഷരരായി ലോക് ഡൌണിൽ കുട്ടികൾക്ക് ഏത് കോഴ്സ് തിരഞ്ഞെടുക്കണമെന്നതിൽ സമ്മർദ്ദത്തിലാവുകയും ചെയ്യുന്ന സാഹചര്യത്തിൽ മവാഖ് ഇൻഫർമേഷൻ സെന്റർ കരിയർ ഗൈഡൻസ് സെഷൻ നടത്തി. അഡ്വ. ഇസ്സുദ്ദീൻ, പി.ടി സിദ്ദീഖ് എന്നിവർ സെഷ്യകളിഷ പങ്കെടുക്കുകയും സംശയങ്ങൾക്ക് മറുപടി പറയുകകയും ചെയ്തു. 06, ജൂൺ,2020

## Mawaq Career Guidance & Information Center Maniyur, Kurunthodi

### Mawaq Excellence Award-2020

മവാഖിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച **LSS , USS & NMMS** പരിശീലനത്തിൽ പങ്കെടുത്ത നിരവധി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് ലഭിച്ച വിവരം സന്തോഷപൂർവം അറിയിക്കട്ടെ മവാഖ് എല്ലാ വർഷവും സംഘടിപ്പിക്കാറുള്ള Mawaq Excellence Award Meet , ഈ വർഷം COVID 19 പാശ്ചാലത്തിൽ സംഘടിപ്പിക്കുവാൻ പ്രയാസമുണ്ട് , എങ്കിലും അവർ അർഹിക്കുന്ന ആദരം നൽകുവാൻ മവാഖ് തീരുമാനിച്ചിട്ടുണ്ട് അതിനു ആവശ്യമായുള്ള വിവര ശേഖരണം നടത്തുന്നതിനായി താഴെ നൽകിയിട്ടുള്ള ഗൂഗിൾ ഫോം പൂരിപ്പിച്ച സമർപ്പിക്കാൻ രക്ഷിതാക്കളോട് അഭ്യർത്ഥിക്കുകയാണ്.പൂരിപ്പിക്കുവാൻ ഏതെങ്കിലും രീതിയിലുള്ള സാങ്കേതിക ബുദ്ധിമുട്ട് ഉണ്ടാവുകയാണെങ്കിൽ കൂടെ നൽകുന്ന മൊബൈലിൽ ബന്ധപ്പെടുമല്ലോ – **9048441647** (https://forms.gle/pnWzmAQzyYPLorS47)



ഈദ് കിറ്റുകൾ ഖത്തർചാരിറ്റി അധികൃതരിൽ നിന്നും മവാഖ് വൈസ് പ്രസി. റഷീദ് പി. ഏറ്റുവാങ്ങുന്നു. .

## Mawaq Career Guidance & Information Center Maniyur, Kurunthodi

### മാറിയ കാലഘട്ടത്തിലെ രക്ഷാകർതൃത്വം – റഷീദ് ഗസാലി

**മണിയൂർ.** പ്രമുഖ കോർപ്പറേറ്റ് പരിശീലകൻ റഷീദ് ഗസാലി പങ്കെടുത്ത കോവിഡനന്തര കാലത്തെ രക്ഷാകർതൃത്വം എങ്ങിനെയെന്നുള്ളത് നിലവിലെ അധ്യാപക വിദ്യാർത്ഥി രക്ഷി താക്കൾ എന്നിങ്ങനെ മൂന്ന് പേരേയും താരതമ്യം ചെയ്ത് വിശകലനം നടത്തിയ വെബിനാർ ആയിരുന്നു. രക്ഷാരർതൃത്വം പഠിച്ച് ചെയ്യേണ്ട ഉത്തരവാദിത്തമാണെന്നും അദ്ദേഹം പല ഉദാഹരണസഹിതം വ്യക്തമാക്കി. ഈ മാറിയ സാഹചര്യത്തിലും കുട്ടികളുടെ ഉപരിപഠന കാര്യത്തിൽ രക്ഷിതാക്കൾ ആകുലവരാവേണ്ടതില്ലെന്നും അഭിരുചിയാണ് പ്രചോദിപ്പിക്കേണ്ട തെന്നും രക്ഷിതാക്കളുടെ താത്പര്യമല്ലെന്നും ഒട്ടനവധി രക്ഷിതാക്കൾ പങ്കെടുത്ത ക്ലാസിൽ അദ്ദേഹം പറഞ്ഞു. വിഷയാവതരിത്തിനൊടുവിൽ സംശയനിവാരണത്തിനുള്ള അവസര ങ്ങളും ശ്രോതാക്കൾ ഉപയോഗപ്പെടുത്തി. കുറുന്തോടി സെന്ററിൽനിന്നും ഹോസ്റ്റ് ചെയ്ത പ്രസ്തുത പരിപാടിയിൽ കൺവീനർ പ്രൊഫ. സലീം ചെരണ്ടത്തൂർ സ്വാഗതവും ചെയർമാൻ റഷീദ് മാസ്റ്റർ ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തു.

MAWAQ
MAniyurmuslim Welfare Association Qatar

JULY
2020

ഒരു മവാഖ് പ്രസിദ്ധീകരണം
# മവാഖ്
ത്രൈമാസ ബുള്ളറ്റിൻ

മർഹമ
MUTUAL HELPING PROGRAM
പ്രവാസം അവസാനിപ്പിക്കുമ്പോൾ
മവാഖിന്റെ സ്നേഹോപഹാരം – മർഹമ
മർഹമയിൽ പങ്കാളികളാവുക

## മയ്യിത്ത് പരിപാലന പ്രാക്ടിക്കൽ ക്ലാസ് നടത്തി

**ദോഹ.** കോവിഡ് കാലത്തെ നിയന്ത്രിതമായ സഞ്ചാരസ്വാതന്ത്ര്യവും പരിമിതപ്പെടുത്തിയ സംഗമസൌകര്യങ്ങളും മറികടന്ന് കൊണ്ട് ആദ്യമായി പുതിയ സാങ്കേതിക സൌകര്യം ഉപയോഗപ്പെടുത്തി സൂമിൽ മയ്യിത്ത് പരിപാലനത്തിന്റെ തിയറിയും പ്രാക്ടിക്കലും മവാഖ് ക്ഷണിച്ച സ്ത്രീ സമൂഹത്തിന് നവ്യാനുഭവമായി. സൌദ ടീച്ചർ പി.കെ പാപ്പിനിശ്ശേരി ഓൺലൈൻ ക്ലാസിന് നേതൃത്വം നൽ കുകയും ക്ലാസ് ആരംഭിക്കുന്നതിന് മുമ്പേ സൂം റൂം ഫുൾ ആവുകയുമാണ് ഉണ്ടായത്. സാധാരണയായി എല്ലാവർക്കും ഭീതിദയമായ അനുഭവമാണ് മയ്യിത്ത് പരിപാലനവും തുടർകർമ്മങ്ങളും. പക്ഷെ സ്വന്തം മകളെ മയ്യിത്തായി കിടത്തികൊണ്ടായിരുന്നു ടീച്ചറുടെ ഡമ്മി പരിശീലന ക്ലാസ്. വളരെ ലളിതമായും വ്യക്തമായും നടന്ന ക്ലാസിൽ ശ്രോതാക്കൾ ശ്വാസമടക്കിപിടിച്ച് ശ്രദ്ധിച്ചു. മരണാനന്തര സമയത്ത് എന്തൊക്കെയാണ് ചെയ്യേണ്ടതെന്നും, പിന്നീട് മയ്യിത്ത് കുളിപ്പിക്കുന്നതും കഫൻ ചെയ്യുന്നതുമാണ് പ്രാക്ടിക്കൽ സെഷനിൽ ടീച്ചർ ഉൾപ്പെടുത്തിയത്. നമ്മുടെ വീട്ടിലെ അടുത്തുള്ളവർ ആരെങ്കിലും മരിച്ചാൽ മറ്റുള്ളവരായ അന്യർക്ക് അവസാന കർമ്മങ്ങൾ നടത്താൻ നമ്മുടെ സ്വന്തക്കാരെ കുളിപ്പിക്കാനും മറ്റുകർമ്മങ്ങൾ നടത്താനും ഇനിയും നാം വിട്ടുകൊടുക്കരുതെന്നും ആമുഖത്തിലും അവസാനത്തിലും ടീച്ചർ ഓർമ്മിപ്പിച്ചു. അവസാനത്തിൽ സഹോദരി നജ്മ റഫീഖ് തന്നെ എഴുതി ചിട്ടപ്പെടുത്തിയ മയ്യിത്തുമായി ചേർന്ന് നിന്ന കവിതാ ശകലം ഈണത്തിൽ ആലപിക്കുകയും പങ്കെടുത്തവരുടെയൊക്കെ ഈറനണിയിച്ചു. തുടർന്ന് പലവിധ സംശയങ്ങൾക്കും സ്വതസിദ്ധശൈലിയിൽ മറുപടി നൽകി. നാട്ടിൽനിന്നും മിഡിലീസ്റ്റിൽനിന്നുമായി അനേകം പേർ പങ്കെടുത്തു. മകളെ പങ്കെടുത്തവർ പ്രത്യേകം അഭിനന്ദിച്ചു.

മവാഖ് വനിതാ വിംഗ് സംഘടിപ്പിച്ച പരിപാടിയിൽ പ്രസിഡണ്ട് റബിയ സലാം ആദ്ധ്യക്ഷം വഹിച്ചു. സറീന അഹമ്മദ് സ്വാഗതം പറയുകയും മാഷിദ യൂസഫ് പരിപാടി ആങ്കറായി നിയന്ത്രിക്കുകയും ചെയ്തു. സമീറ നൌഷാദ് നന്ദിയും ആശംസിച്ചു. 17-July 2020

## മൌത്ത്

മൌത്തിന്നായെന്നുംഒരുങ്ങീടേണം
മലക്കുൽമൌത്തസ്റാഈൽ അണയുംനേരം.
ഉറ്റവരുടയവർപിരിയുന്നേരം
ഉടനടി ചെയ്യുവാനുണ്ടേറെ കാര്യം......

ദേഹി പോയ് മറയുംനേരം നമ്മൾ
ദേഹം നന്നായി ഒരുക്കീടേണം....(2)
ദ്രോഹം ചെയ്യാതെകരുതലോടെ
ദീനിൻ വിധികളെല്ലാംചെയ്തിടേണം....(2)

ദിക്റിന്നകമ്പടിയാൽ പോകുന്നേരം
ദുനിയാവീ ന്നൊന്നും കൊണ്ടു പോകില്ലാ..
(2)
മനമിൽ നന്മയേറ്റംകരുതിയെന്നാൽ
മന്നാന്റെട്ടുത്തെത്താൻഭയമേ വേണ്ടാ ...(2)

മീസാനിൽ തൂങ്ങുംഅമലുകളുമായി
ഇന്നു തന്നെ നമ്മൾ ക്കൊരുങ്ങീടാലോ...(2)
ജന്നാത്തുൽ ഫിർദൗസിൽഒന്നുചേരാൻ
എന്നും നാഥനോടായ്ഇരന്നീടാല്ലോ...(2).....

✍ നജ്മുന്നിസ റഫീഖ്

## എഴുത്ത് / പ്രതകരണം

**അഭിനന്ദനാർഹം.......**

മവാഖ് പ്രസിദ്ധീകരിക്കുന്ന ബുള്ളറ്റിന് സർവ്വ പിന്തുണയും അതോടൊപ്പം ഈ കർമ്മം അഭി നന്ദനാർഹവുമാണ്. മവാഖ് നട ത്തുന്ന പരിപാടികളും പ്രവർത്ത നങ്ങളും അംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഈ ബുള്ളറ്റിൻ ഏറെ ഉപകാരപ്പെടുക തന്നെ ചെയ്യും. എല്ലാവരും ഇത് വായിക്കുകയും അഭിപ്രായം അറിയിക്കുകയും ചെയ്യണം. അടുത്ത എഴുത്ത് പംക്തിയിൽ നിങ്ങളുടെ അഭിപ്രായവും നിർദ്ദേശവും ഉൾപ്പെടുത്തി ഭംഗി കൂട്ടേണ്ടതുണ്ട്. നിസ്തുലമാണ് മവാഖ് അതിന്റെ അംഗങ്ങൾക്കും അഭ്യുദയകാംക്ഷികൾക്കും ചെയ്യുന്ന സേവന സാന്ത്വന പ്രവർത്തനങ്ങൾ. അനിസ്യൂതം തുടരാൻ നാഥൻ തുണക്കട്ടെ. ആമീൻ

സസ്നേഹം
**സി.വി. മസ**

അഭിനന്ദനാർഹം.......

നിരന്തരമായ പ്രവർത്തകരുടെ ആവി ശ്യവും മവാഖ് സംവേദനവുമാണ് ഈ ബുള്ളറ്റിൻ ഇറക്കുന്നതിലൂടെ സാധ്യ മായത്. ഇതിന് നിതാന്തപരിശ്രമം നടത്തിയ ടീമിന് സർവ്വ അഭിനന്ദനവും അറിയിക്കുന്നു. നാട്ടിൽ നടക്കുന്ന പരിപാ ടികളിൽ എല്ലാവരുടേയും പങ്കാളിത്തം ആവശ്യപ്പെടുന്നു.

**നവാസ് എസ്. എം**

അഭിനന്ദനാർഹം.......

കഴിഞ്ഞ പതിനെട്ട് വർഷങ്ങളായി ഖത്തറിലും പിന്നീട് നാട്ടിലും സേവന പ്രവർത്തനം നടത്തികൊണ്ടിരിക്കുന്ന മവാഖ് ബുള്ളറ്റിൻ ഇറക്കുന്നത് പ്രവർത്തന തലത്തിലെ ഒരു നല്ല സ്റ്റെപ്പായി കാണുന്നു. തുടർന്നും നടത്തികൊണ്ടുപോകാൻ ടീമിന് കഴിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു

**വാഹിദ് . കെ**

അഭിനന്ദനാർഹം.......

നല്ല എഴുത്തുകൾ, ഫോട്ടോകൾ, നാട്ടിലെ മവാഖ് തുടർച്ചയായി ചെയ്ത് വരുന്ന പ്രവർത്തനങ്ങൾ മുഴുവൻ ഈ ബുള്ളറ്റിനിൽ ഉൾപ്പെടുത്തിയിട്ടില്ല. 2020 മാർച്ചിന് ശേഷം നടന്ന പരിപാടികളുടെ പരിപ്രേക്ഷ്യമാണ് ചുരുക്കി ഇതിൽ അടുക്കിവെച്ചത്. അടുത്ത പ്രാവിശ്യവും കൂടുതൽ പേജിലായി ഇറക്കാൻ കഴിഞ്ഞില്ലെങ്കിലും സാധ്യമാ രൂപത്തിൽ പ്രസി ദ്ധീകരിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. അതിന് ഈ ദൌത്യം ഏറ്റെടുത്ത ടീം പരിശ്രമിക്കേണ്ടതുമുണ്ട്.

**ഫൈസൽ . സി.വി**

അഭിനന്ദനാർഹം.......

സന്തോഷം, വർണ്ണങ്ങൾ ചാർത്തിയ ഈ ബുള്ളറ്റിന്. അറിയിക്കുക, എന്നതും അറിയുക എന്നതും മവാഖ് സാധ്യമാക്കിയിരിക്കുകയാണ്. ഇത് കൃത്യമായ സംവേദന മാധ്യമമാകട്ടെ, അഭിനന്ദനങ്ങൾ.....പി.ആർ ടീമിന്റെ സർവ്വ പിന്തുണയും വാഗ്ദാനം ചെയ്യുന്നു

**നൌഷാദ് പി.കെ**

അഭിനന്ദനാർഹം.......

ഒട്ടനവധി സംഗമങ്ങളിൽ ഉയർന്ന് വന്ന പ്രവർത്തകരുടെ ആവിശ്യമായിരു ന്നു മവാഖ് നാട്ടിലും ഇവിടേയും നടക്കുന്ന പരിപാടികൾ അറയുന്നില്ലായെന്നത്. പ്രത്യേക ടീം സജീവമായും ഇടപെട്ട് ബുള്ളറ്റിൻ സാധ്യമാക്കിയിരിക്കുക യാണ്. ടീമിന് അഭിവാദ്യങ്ങൾ...

**റഷീദ് പി. കെ**

അഭിനന്ദനാർഹം.......

കരുത്തുള്ള പ്രവർത്തനങ്ങൾക്ക് പകിട്ടാർന്ന ബുള്ളറ്റിൻ. വാക്കുകളിലൂടെ മവാഖ് പ്രവർത്തനങ്ങളെ വിലയിരുത്താൻ മിക്കവാറും അസാധ്യമാവും. കൊടുക്കുന്ന പിന്തുണയും സഹായവും വാക്കുകൾക്കതീതമായ സാന്ത്വനമാണ്. നേരിട്ടനുഭവിക്കുക എന്നതാണ് അതിന്റെ ഊഷ്മള വശം. മവാഖ് വർഷങ്ങളായി തുടരുന്നതും ആ പ്രക്രിയ തന്നെയാ ണ്. ഇനിയും നിസ്വാർത്ഥമായി അതിന് കഴിട്ടെ എന്നാശം സിക്കുകയാണ്. ഒപ്പം ബുള്ളറ്റിന് അഭിവാദനവും....

**ഡോ. അൻവർ സാദത്ത്**

## സഹോദരിക്ക് കക്കൂസ് നിർമ്മിച്ച് നൽകി

**മണിയൂർ.** നാട്ടിലെ വളരെ അവശയായ രണ്ട് വിധവകൾ ഉൾപ്പെടുന്ന കുടുംബത്തിന് സുമനസ്സായ ഖത്തറിലെ ഒരു കുടുംബത്തിന്റെ വകയായി സൌകര്യപ്രദമായ ഒരു കക്കൂസ് മവാഖ് നേതൃത്വം നൽകി നിർമ്മിച്ച് നൽകി. ഏഴംഗമടങ്ങുന്ന കുടുംബത്തിന്റെ ഏറെ കാലത്തെ കാത്തിരിപ്പായിരുന്നു ശൌചാലയം ഉണ്ടാവുക എന്നത്. അൽഹംദുലില്ലാഹ് റമളാന്റെ ആദ്യദിവസങ്ങളിൽ തന്നെ അതിന്റെ പണിപൂർത്തിയാക്കി റാഹത്തോടെ പുണ്യറമളാൻ കഴിയാനും അവർക്ക് സാധിച്ചു. ആ കുടുംബം മവാഖിനും പിന്തുണച്ച കുടുംബത്തിനും അകമഴിഞ്ഞ നന്ദിയും ദുആയും അറിയിച്ചിരുന്നു. മവാഖ് ചെയ്യുന്ന പ്രവർത്തനങ്ങളെ നിസ്വാർത്ഥമായി സ്നേഹിക്കുന്നവരും പിന്തുണക്കുന്നവരുമാണ് ഈ കൂട്ടായ്മയുടെ ശക്തി. വൈകല്ല്യം ബാധിച്ച ആ കുടുംബത്തിന്റെ തീരാത്ത കണ്ണീരാണ് മവാഖ് ഈ സ്നേഹസംഗമ കൂട്ടായ്മയിലൂടെ സാധ്യമാക്കിയത്.

**മർഹമയിൽ അംഗങ്ങളാവുക.**

പ്രവാസം തീരുമ്പോൾ പ്രയാസങ്ങൾക് ഒരു കൈത്താങ്. പ്രവാസം വിടുന്ന മവാഖിയനുള്ള സ്നേഹോപഹാരം. “**മർഹമ**”

## മവാഖ് മെമ്പർഷിപ്പ് ക്യാമ്പയിൻ ആരംഭിച്ചു

2020 വർഷത്തെ മവാഖ് അംഗത്വ ക്യാമ്പയിൻ ജൂൺ 21 മുതൽ ആരംഭിച്ചു. എല്ലാ വർഷവും മാർച്ച് മുതൽ ആരംഭിക്കേണ്ട ക്യാമ്പയിനാണ് ഈ വർഷം കോവിഡും ഖത്തറിലെ മറ്റ പ്രതിസന്ധികളും കാരണം കാമ്പയിൻ പ്രവർത്തനം നീട്ടിവെച്ചതായിരുന്നു. ഓരോ മഹല്ലിനെ പ്രതിനിധീ കരിച്ച് ഉത്തരവാദപ്പെട്ട അംഗങ്ങളാണ് അംഗങ്ങളെ നേരിലും ടെലഫോണലൂടേയും വിളിച്ച് മവാഖ് പ്രവർത്തനങ്ങളെ കുറിച്ച് വിശദീകരിച്ച് കൊടുത്ത് കൊണ്ട് മവാഖിലേക്ക് അംഗങ്ങളെ ക്ഷണിക്കുന്നത്. വാഹിദിന്റേയും സിറാജിന്റേയും നേതൃത്വത്തിൽ സുസജ്ജമായ ടീം തന്നെയാ ണ് അതിന് വേണ്ടി കഠിനപരിശ്രമം നടത്തുന്നത്. പ്രവർത്തകരുടെ അഭിപ്രായം മാനിച്ച് കാമ്പയിൻ കാലാവധി ഒരു മാസം കൂടി നീട്ടിയിട്ടുണ്ട്. ആഗസ്റ്റ് 31 നാണ് കാമ്പയിൻ അവസാനിപ്പിക്കുക. പഞ്ചായത്തിലെ എല്ലാ സഹോദരങ്ങളും മവാഖിൽ അംഗങ്ങളാവുക, അതുവഴി പുണ്യം നേടുന്ന പന്ഥാവിൽ പങ്കാളികളാവുക. നിസ്വാർത്ഥത മാത്രമാണ് ഈ കൂട്ടായ്മയുടെ കൈമുതൽ, പ്രപഞ്ചനാഥനിലുള്ള പ്രത്യാശയും... അതിന് വേണ്ടി ഒരുമയോടെ നമുക്ക് ഒന്നിക്കാം....

